**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **07-02-2023 - ൽ മറുപടിയ്ക്ക്**

**അധ്യാപക തസ്തിക നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അദ്ധ്യയന വർഷത്തിന്റെ അവസാന ഭാഗത്തേക്ക് കടക്കുമ്പോഴും അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാകാത്തതിനാൽ അദ്ധ്യാപക നിയമനം നടക്കാത്ത സാഹചര്യം നിലനിൽക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ലെ ഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിക്കുന്ന നടപടി അന്തിമ ഘട്ടത്തിൽ ആണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് |

| | | | |
|---|---|---|---|
| | | | നിയമനം നടത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതു വരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് 08.06.2022-ലെ സ.ഉ.(കൈ) നം.102/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം കൂടിയതിന് അനുസരിച്ച് അദ്ധ്യാപക തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ലെ ഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളു എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിക്കുന്ന നടപടി അന്തിമ ഘട്ടത്തിൽ ആണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതു വരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ |

| | | | |
|---|---|---|---|
| | | | ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് 08.06.2022-ലെ സ.ഉ.(കൈ) നം.102/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ അദ്ധ്യയന വർഷം തന്നെ മുഴുവൻ തസ്തികകളിലേക്കും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ലെ ഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിക്കുന്ന നടപടി അന്തിമ ഘട്ടത്തിൽ ആണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതു വരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് 08.06.2022-ലെ സ.ഉ.(കൈ) നം.102/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ